# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 273 05.03.2012-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീ. പി. ഉബൈദുള്ള

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## പെൻഷൻ ആനുകൂല്യ വിതരണം

<table>
<tr><td>(എ)</td><td>2009-10, 2010-11, 2011-12 വർഷത്തെ ബഡ്ജറ്റുകളിൽ ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിലായി എത്ര കോടി രൂപ വകയിരുത്തിയിരുന്നു വെന്ന് വ്യക്തമാക്കുമോ;</td><td>2009-10, 2010-11, 2011-12 വർഷങ്ങളിൽ ശമ്പളം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക താഴെപ്പറയുംപ്രകാരമാണ്.
<table>
<tr><td>ഇനം</td><td>2009-10</td><td>2010-11</td><td>2011-12</td></tr>
<tr><td></td><td colspan="3">(തുക കോടിയിൽ)</td></tr>
<tr><td>ശമ്പളം</td><td>10188.25</td><td>11332.37</td><td>16325.89</td></tr>
<tr><td>പെൻഷൻ</td><td>5005.87</td><td>5426.84</td><td>7311.91</td></tr>
</table></td></tr>
<tr><td>(ബി)</td><td>2010-ലെ ശമ്പളം, പെൻഷൻ പരിഷ്കരണത്തിനായി 2011-12 സാമ്പത്തിക വർഷത്തിൽ ആകെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ;</td><td>ശമ്പളം-പെൻഷൻ പരിഷ്കരണം മൂലം ശമ്പളയിനത്തിൽ പ്രതീക്ഷിച്ചിരുന്ന ഏകദേശം 825 കോടി രൂപയുടെയും പെൻഷനിനത്തിൽ പ്രതീക്ഷിച്ചിരുന്ന ഏകദേശം 775 കോടി രൂപയുടെയും അധിക ബാധ്യത കൂടി കണക്കിലെടുത്ത് 2011-12 വർഷത്തെ ബഡ്ജറ്റിൽ ശമ്പളം, പെൻഷൻ എന്നീയിനങ്ങളിൽ യഥാക്രമം 16325.89 കോടി രൂപയും, 7311.91 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കുകൾ പ്രകാരം 2012 ജനുവരി 31വരെ ശമ്പളയിനത്തിൽ 13369.11 കോടി രൂപയും പെൻഷനിനത്തിൽ 7170 കോടി രൂപയും ചെലവായിട്ടുണ്ട്.</td></tr>
</table>

| | | |
|---|---|---|
| (സി) | 2012 മാർച്ച് മാസം വിരമിക്കുന്ന വർക്ക് നൽകാനുളള പെൻഷൻ ആനുകൂല്യങ്ങൾക്കായി എത്ര തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | 2012 മാർച്ച് മാസം വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി ഉദ്ദേശം 2280 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്ത് കഴിഞ്ഞാൽ സർക്കാരിന് വരുന്ന സാമ്പത്തിക ബാധ്യത എത്ര കോടി രൂപയെന്ന് വ്യക്തമാക്കുമോ? | 2012 മാർച്ച് മാസം വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്ത് കഴിഞ്ഞാൽ സർക്കാരിന് പെൻഷൻ ഇനത്തിൽ ഏകദേശം 5154.53 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ